# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4120 — 24.10.2016-ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സംരക്ഷണം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ : | | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| --- | --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;<br>(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ), (ബി) & (സി) | ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് പ്രധാന പാരിസ്ഥിതിക വിഷയങ്ങളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ 'ഹരിത കേരളം' പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഓരോ വീടിനും അനുയോജ്യമായ മാലിന്യ സംസ്കരണ രീതി നടപ്പാക്കൽ, ജന പങ്കാളിത്തത്തോടെയുള്ള ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം, മാലിന്യ സംസ്കരണ-കൃഷിവികസന മിഷനുകൾ വഴി ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിച്ച് ജൈവ കൃഷിയ്ക്ക് ഉപയുക്തമാക്കുക, ജൈവകൃഷിയിലൂടെ പച്ചക്കറി, ധാന്യ വിളകളിൽ സ്വയം പര്യാപ്തത തുടങ്ങിയവ പദ്ധതി ലക്ഷ്യമിടുന്നു. മിഷൻ അടിസ്ഥാനത്തിലായിരിക്കും 'ഹരിതകേരളം' പദ്ധതി നടപ്പാക്കുക. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന തലത്തിലും |

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും ത്രിതല മിഷനുകൾ രൂപീകരിക്കുന്നതായിരിക്കും. ഓരോ വിഭാഗത്തിനും പ്രത്യേകം കർമ്മസേനകളും സമയബന്ധിതമായ അവലോകന-ഏകോപന പ്രവർത്തനങ്ങൾക്കും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

സംസ്ഥാനത്തിന്റെ പാരിസ്ഥിതികാവസ്ഥ പൊതുജനങ്ങൾക്ക് കൂടി ബോധ്യമാകുന്നതിന് വേണ്ടി ഒരു പാരിസ്ഥിതിക ധവളപത്രം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ